(ബി) ഉണ്ടെങ്കിൽ എത്ര കോടിയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

&

(സി) പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

(എ-സി) 20-3-2020-ലെ സ.ഉ.(സാധാ)നമ്പർ 252/2020/ജ.വി.വ. പ്രകാരം ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പാർശ്വസംരക്ഷണഭിത്തിയുടെ അറ്റകുറ്റപ്പണി കൾക്കായി 1.5 കോടി രൂപയ്ക്ക് 5475-00-115-94-Flood Projects Under RKI (P) എന്ന ശീർഷകത്തിൽ ഭരണാനുമതി നല്കി ഉത്തരവായിരുന്നു. അപ്രകാരം പ്രസ്തുത റെഗുലേറ്ററിന്റെ പാർശ്വഭിത്തിയുടെ കേടുപാടുകൾ പരിഹരിക്കുന്നതിനായുള്ള ഡിസൈൻ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചുവരുന്നു. ഡിസൈൻ തയ്യാറാക്കി അംഗീകരിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിയോടുകൂടി പ്രവൃത്തി ആരംഭിക്കുന്നതാണ്.

തോട്ടക്കടവ് ആർ.സി.ബി. നവീകരണം

176(5623) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കാരശ്ശേരി പഞ്ചായത്തിൽ ചെറുപുഴയ്ക്ക് കുറുകെ നിർമ്മിച്ച തോട്ടക്കടവ് ആർ.സി.ബി. പ്രവർത്തനക്ഷമമല്ലാത്തതിന്റെ കാരണം വിശദമാക്കുമോ;

&

(ബി) പ്രദേശത്ത് ജലക്ഷാമം നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത ആർ.സി.ബി. നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) കോഴിക്കോട് ജില്ലയിലെ കാരശ്ശേരി പഞ്ചായത്തിൽ മുക്കം ചെറുപുഴയ്ക്ക് കുറുകെ നിർമ്മിച്ച തോട്ടക്കടവ് ആർ.സി.ബി.-യുടെ മരപ്പലക ഉപയോഗിച്ചുള്ള ഷട്ടറുകൾ നശിച്ചുപോയതാണ് ആർ.സി.ബി. പ്രവർത്തനക്ഷമമല്ലാത്തതിന് കാരണം. പ്രസ്തുത ആർ.സി.ബി.-യിൽ അറ്റകുറ്റപ്പണികൾ നടത്തി പുതിയ ഷട്ടറുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നത് പരിശോധിക്കുന്നതാണ്.

സെക്കൻഡ് ഗ്രേഡ് ഓവർസിയർ തസ്തിക

177(5624) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിൽ സെക്കൻഡ് ഗ്രേഡ് ഓവർസിയർ (മെക്കാനിക്കൽ) തസ്തികയിൽനിന്നും ഫസ്റ്റ് ഗ്രേഡ് ഓവർസിയർ തസ്തികയിലേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

പ്രൊമോഷൻ ലഭിച്ച് വരുമ്പോൾത്തന്നെ ഡിപ്ലോമ യോഗ്യത നേടിയിട്ടുള്ള ജീവനക്കാരെ ഡിപ്ലോമ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ തസ്തികയിലേയ്ക്ക് പരിഗണിക്കാറുണ്ടോ; ഏത് റൂൾ പ്രകാരമാണ് അവരെ പരിഗണിക്കുന്നതെന്ന് വിശദമാക്കാമോ?

ഉണ്ട്. രണ്ടാം തരം ഓവർസിയർ (മെക്കാനിക്കൽ) തസ്തികയിൽനിന്ന് ഒന്നാംതരം ഓവർസിയർ (മെക്കാനിക്കൽ) തസ്തികയിലേയ്ക്ക് പ്രൊമോഷന് പരിഗണിക്കുമ്പോൾ ഡിപ്ലോമ/സർട്ടിഫിക്കറ്റ് യോഗ്യതയുള്ള രണ്ടാംതരം ഓവർസിയർമാരെയാണ് പരിഗണിക്കുന്നത്. രണ്ടാംതരം ഓവർസിയർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുമ്പോൾ കാറ്റ തിരിച്ച് സർട്ടിഫിക്കറ്റ്/ഡിപ്ലോമ യോഗ്യതയുള്ളവരുടെ പട്ടിക തയ്യാറാക്കുകയും അതനുസരിച്ച് ഉയർന്ന തസ്തികയിലേയ്ക്ക് പ്രൊമോഷന് പരിഗണിക്കുകയാണ് ചെയ്തുവരുന്നത്. 22-11-1978-ലെ സ.ഉ.(പി)149/78/PW&E നമ്പർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള കേരള എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവ്വീസ് - മെക്കാനിക്കൽ ബ്രാഞ്ച് - സ്പെഷ്യൽ റൂൾസ് ആണ് ഇക്കാര്യത്തിൽ ബാധകമായിട്ടുള്ളത്.

(ബി) പ്രസ്തുത നിയമം സിവിൽ വിഭാഗത്തിനും ബാധകമാണോ; അല്ലെങ്കിൽ ബാധകമാകാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

അല്ല. Kerala Irrigation Subordinate Service Rules G.O.(Ms)1390 dated 20-11-1958 ആണ് സിവിൽ വിഭാഗത്തിന് ബാധകമായത്.

ഡിപ്ലോമ കാറ്റഗറിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ

178(5625) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിൽ സെക്കൻഡ് ഗ്രേഡ് ഓവർസിയർ (സിവിൽ) തസ്തികയിൽനിന്നും ഫസ്റ്റ് ഗ്രേഡ് ഓവർസിയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കുമ്പോൾത്തന്നെ ഡിപ്ലോമ യോഗ്യത നേടിയിട്ടുള്ള ജീവനക്കാരെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷന് പരിഗണിക്കാറുണ്ടോ; എങ്കിൽ ഏത് തീയതിവരെ ഇത്തരത്തിൽ പ്രൊമോഷൻ നല്കിയെന്നും ആയതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിച്ചുവെന്നും വ്യക്തമാക്കാമോ?

ഉണ്ട്. ജലസേചന വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ നേരിട്ടുള്ള നിയമനം മുഖേനയും തസ്തികമാറ്റ നിയമനം മുഖേനയും 6:4 എന്ന അനുപാതത്തിൽ നികത്താനാണ് കേരള ഇറിഗേഷൻ എഞ്ചിനീയറിംഗ്

LIBRARY ARCHIVES Kerala Legislative Assembly